(ബി) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിക്കുന്നതിന്റെ ഭാഗമായി നഗരസഭ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി വിജ്ഞാപനം വന്നിട്ടുള്ള തിനാൽ നഗരസഭ ജീവനക്കാരുടെ സി.പി.എഫ്. നിർത്തൽ ചെയ്ത് ജി.പി.എഫ്.-ലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

(സി) നഗരസഭ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി വിജ്ഞാപനം വന്ന സാഹചര്യത്തിൽ പഞ്ചായത്ത് ജീവനക്കാരുടേത് പോലെ നഗരസഭ ജീവനക്കാരുടെയും പി.എഫ്. വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സ്പാർക്കിൽ സംവിധാനമൊരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

ഇല്ല. പരിശോധിക്കുന്നതാണ്.

**ഇ.എം.എസ്.ഭവന നിർമ്മാണ പദ്ധതി**

369 (5094) ശ്രീ. സനീഷ്കുമാർ ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടണമെന്ന് വ്യവസ്ഥ ചെയ്തിരുന്നോ; ഇത് പ്രകാരം ഗുണഭോക്താവിന്റെ വീട് നിൽക്കുന്ന വസ്തുവിന്റെ ആധാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ടോ?

സംസ്ഥാനത്ത് ഇ.എം.എസ്. ഭവനപദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 7-11-2009 തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 207/2009-ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള ഇ.എം.എസ്സ്. ഭവനപദ്ധതിയുടെ മാർഗ്ഗരേഖയിലെ നിർദ്ദേശം 20.2-ൽ പദ്ധതിപ്രകാരം അനുവദിക്കുന്ന വീടിന്റെ അന്യാധീനപ്പെടുത്തലും കൈമാറ്റവും 10 വർഷത്തേക്ക് ഒഴിവാക്കുന്നതിനായി ഗുണഭോക്താവ് നിശ്ചിത മാതൃകയിൽ ഒരു കരാർ പത്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എഴുതി സബ്‌രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ആധാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരാറിലേർപ്പെട്ട ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്തു കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

ഇ.എം.എസ്. ഭവന പദ്ധതി പ്രകാരമുള്ള കരാർ റദ്ദ് ചെയ്യുന്നതിനായി ഗുണഭോക്താവ് കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടച്ച് കരാർ റദ്ദ് ചെയ്യുന്നതിനുള്ള അനുവാദം നൽകുന്നതിന് ജില്ലാ കളക്ടർമാരെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ 25-5-2017-ലെ 92/ഡിബി1/17/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ ഇതോടൊപ്പം ചേർക്കുന്നു*.

(സി) കരാർ റദ്ദ് ചെയ്ത് കിട്ടാത്തതിനാൽ ടി വസ്തു കൈമാറ്റം ചെയ്തോ ബാങ്കിൽ ഈട് വച്ചോ വായ്പ എടുക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇ.എം.എസ്. ഭവനപദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കി 7-7-2010 -ലെ സ.ഉ.(സാധാ) നമ്പർ 2234/2010-ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 10-9-2014-ലെ സ.ഉ.(സാധാ) നമ്പർ 2368/14 ത.സ്വ.ഭ.വ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകുന്ന ഭവനങ്ങൾ പണയപ്പെടുത്തി വായ്പ എടുക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വായ്പ ലഭ്യമാകാത്തത് സംബന്ധിച്ച പരാതികൾ ലഭ്യമായിട്ടില്ല.*

(ഡി) ഗഡുക്കൾ പൂർണ്ണമായി കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്ക് കരാർ റദ്ദ് ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

തീരുമാനമെടുത്തിട്ടില്ല.

**കിഴക്കമ്പലം പഞ്ചായത്ത് ഭരണസമിതി**

370 (5095) <u>ശ്രീ. പി.വി. ശ്രീനിജിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

2015-2020-ലെ കിഴക്കമ്പലം പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ സ്വകാര്യ കമ്പനിയിൽ നിന്നോ മറ്റേതെങ്കിലും സ്ഥാപനത്തിൽ നിന്നോ മാസപ്പടിയോ/ശമ്പളമോ/മറ്റാനുകൂല്യങ്ങളോ കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്കെതിരെയെടുത്ത നടപടികൾ വിശദീകരിക്കാമോ?

പരാതി ലഭിച്ചിട്ടുണ്ട്. അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.